"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഡിജിറ്റൽ സർവെ പദ്ധതി - Integrated Land Information Management System - പ്രീ മ്യൂട്ടേഷൻ സ്കെച്ച് തയ്യാറാക്കുന്നതിനുള്ള സർവീസ് ചാർജ്ജ് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഇ) വകുപ്പ്

സ.ഉ.(കൈ) നം.249/2025/RD തീയതി,തിരുവനന്തപുരം, 15-08-2025

---

പരാമർശം:- 1 17.07.2024 ലെ സ.ഉ.(പി)55/2024/ധന നമ്പർ ഉത്തരവ്.

2 സർവെ ഡയറക്ടറുടെ 20.05.2025 ലെ DSLR/2340/2025-B1(1) നമ്പർ കത്ത്.

**ഉത്തരവ്**

Integrated Land Information Management System നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂമി കൈമാറ്റം ചെയ്യുന്നതിനായി അതിർത്തികൾ നിർണ്ണയിച്ച് തയ്യാറാക്കിയ ഒരു സർവെ മാപ്പ് (പ്രീ മ്യൂട്ടേഷൻ സ്കെച്ച്) ആവശ്യമാണെന്നും ആയതിനാൽ സബ് ഡിവിഷൻ ആവശ്യമുള്ള സാഹചര്യങ്ങളിൽ ഫീൽഡിൽ നേരിട്ട് അളന്നും, അല്ലാത്ത സാഹചര്യത്തിൽ (Whole transaction) നിലവിലെ മാപ്പിന്റെ അടിസ്ഥാനത്തിലും പ്രീമ്യൂട്ടേഷൻ സ്കെച്ച് തയ്യാറാക്കുന്നതിനുള്ള ചെലവ് ബന്ധപ്പെട്ട ഭൂമി കൈമാറ്റം ചെയ്യുന്നവരിൽ നിന്ന് ഈടാക്കേണ്ടതുണ്ടെന്നും ആകയാൽ സർവ്വീസ് ചാർജ്ജ് നിശ്ചിച്ച് നൽകണമെന്നും പരാമശം(2)കത്ത് പ്രകാരം സർവ്വേ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു . മേൽ പറഞ്ഞ പ്രകാരം തയ്യാറാക്കേണ്ട സർവെ സ്കെച്ചിന് ചുവടെ ചേർക്കും പ്രകാരം സർവ്വീസ് ചാർജ്ജ് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) പ്രീ മ്യൂട്ടേഷൻ സ്കെച്ച് തയ്യാറാക്കുന്നതിള്ള <u>ഫീൽഡ് സർവെ ജോലികൾക്കായി</u>, 5ആർ വിസ്ത്രീർണ്ണം വരെ 500/ രൂപയും അധികമായി വരുന്ന ഓരോ ആറിനും 50/രൂപ എന്ന ക്രമത്തിലും സർവ്വീസ് ചാർജ്ജ് ഈടാക്കേണ്ടതാണ്.

(ii) ഭൂമി കൈമാറ്റ പ്രമാണത്തിനുള്ള അംഗീകരിച്ച <u>സർവെ ഭൂപടത്തിനായി</u> 300/ രൂപ ഈടാക്കേണ്ടതാണ്.





Generated from eOffice by VINEETHA V, B1 DSLR, B1 DSLR, Directorate of Survey And Land Records on 29/10/2025 11:25 AM

(iii)സബ് ഡിവിഷൻ ആവശ്യമുള്ള സാഹചര്യങ്ങളിൽ ക്രമ നമ്പർ (i) , (ii) എന്നിവ ബാധകമായിരിക്കും Whole transactions ആണെങ്കിൽ ക്രമ നം (ii) മാത്രമേ ബാധകമാവുകയുള്ളൂ.

സർവെ അതിരടയാള ചട്ടങ്ങളിൽ അനുപാതികമായ മാറ്റം പിന്നീട് വരുത്തുന്നതാണ്. ഇതിനായി ബന്ധപ്പെട്ട ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർവെ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1. സർവെ ഡയറക്ടർ
2.ലാന്റ് റവന്യൂ കമ്മീഷണർ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
5.ധനകാര്യ വകുപ്പ്
6. വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(E1/251/2025)

ഉത്തരവിൻ പ്രകാരം

Signed by
Joshy K L
സെക്ഷൻ ഓഫീസർ
Date: 16-08-2025 12:21:12

പകർപ്പ്-
ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്.
റവന്യൂ സെക്രട്ടറിയുടെ പി.എ